പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 569 02/12/2014- ലെ മറുപടിക്ക്

## പെട്രോളിയം ഉൽപന്നങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന നികുതി

| ചോദ്യം<br>ശ്രീ. കെ.അജിത് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരോ പെട്രോളിയം ഉൽപന്നങ്ങൾക്കു മേലും സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം നികുതികളാണ് ചുമത്തിയിരുന്നതെന്നും ഒരോന്നും എത്ര ശതമാനം വീതമായിരുന്നുവെന്നും അധികാരത്തിൽ വന്നതിന് ശേഷം ഈ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്നും അധിക നികുതികളോ സെസ്സോ ചുമത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ; | (എ) | കേരള പൊതുവിൽപന നികുതി നിയമ പ്രകാരമാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പെട്രോളിന്റെ നികുതി നിരക്ക് 29.01 ശതമാനവും ഡീസലിന്റേത് 24.69 ശതമാനവുമായിരുന്നു. കൂടാതെ, അടയ്ക്കേണ്ട നികുതിയ്ക്ക് മേൽ ഒരു ശതമാനം നിരക്കിൽ സോഷ്യൽ സെക്യൂരിറ്റി സെസ്സും ചുമത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എണ്ണക്കമ്പിനികൾ / കേന്ദ്ര സർക്കാർ പല തവണ പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ മാറ്റം വരുത്തിയിട്ടുണ്ട്. അടിസ്ഥാന വിലയിൽ മാറ്റം ഉണ്ടാകുമ്പോൾ, മുമ്പ് ലഭിച്ചു കൊണ്ടിരിക്കുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്കിൽ പുന:ക്രമീകരണം നടത്തിയിട്ടുണ്ട്. അടിസ്ഥാനവിലയിൽ കുറവ് ഉണ്ടാകുമ്പോൾ ഇപ്രകാരം റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തുന്നതിന് നികുതി നിരക്ക് പുന:ക്രമീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>16.11.2011 ന് എണ്ണക്കമ്പിനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 1.85 രൂപ കുറച്ചപ്പോൾ നികുതി നിരക്ക് 24.75% ൽ നിന്നും 25.44 ശതമാനമായി ക്രമീകരിക്കുകയുണ്ടായി. 1.12.2011 ന് 0.78 രൂപ കുറച്ചപ്പോൾ 25.44 ൽ നിന്നും 25.82 ശതമാനമായും, 3.6.2012 ന് 2.00 രൂപയും 29.6.2012 ന് 2.46 രൂപയും 9.10.2012 ന് 0.56 രൂപയും 16.11.2012 ന് 0.95 രൂപയും 1.11.2013 ന് 1.15 രൂപയും കുറച്ചപ്പോൾ നികുതി നിരക്ക് യഥാക്രമം 23.07% ൽ നിന്നും 23.89 %ഉം, 23.89 % ൽ നിന്നും 24.97% ഉം 24.97 %ൽ |

നിന്നും 25.23% ഉം, 25.23%ൽ നിന്നും 25.68%ഉം, 25.68% ൽ നിന്നും 26.21% ഉം ആയി പുന:ക്രമീകരിക്കുകയുണ്ടായി. 01.04.2014, 16.04.14, 01.08.2014, 15.08.14, 31.08.14 എന്നീ തീയതികളിൽ യഥാക്രമം 0.75 രൂപ, 0.70 രൂപ, 1.09 രൂപ, 1.08 രൂപ 1.49 രൂപയുടെ കുറവ് അടിസ്ഥാന വിലയിൽ വന്നപ്പോൾ നികുതി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി പുന:ക്രമീകരിച്ചു. 01.10.2014, 15.10.2014 എന്നീ തീയതികളിൽ യഥാക്രമം 0.54, 1.00 രൂപയുടെ കുറവ് വരുത്തിയപ്പോഴും നികുതി നിരക്ക് 26.92% ൽ നിന്നും 27.42% ആയി പുന:ക്രമീകരിച്ചു. അവസാനമായി 01.11.2014 ന് 2.41 രൂപയുടെ കുറവ് അടിസ്ഥാനവിലയിൽ വന്നപ്പോൾ നികുതി നിരക്ക് 27.42% ൽ നിന്നും 28.72 ശതമാനമായി പുന:ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന്റെ അടിസ്ഥാന വില എണ്ണക്കമ്പിനികൾ രണ്ട് പ്രാവശ്യം കുറവ് വരുത്തിയപ്പോൾ നികുതി നിരക്കിൽ പുന:ക്രമീകരണം നടത്തിയിട്ടുണ്ട്.

---------------------------------------

| അടിസ്ഥാന വില കുറച്ച തീയതി | കുറവ് ( **Rs.per. Ltr**) | നികുതി നിരക്ക്(%) |
| --- | --- | --- |
| 19.10.2014 | 3.00 | 19.80 ൽ നിന്നും 21.04 |
| 01.11.2014 | 2.25 | 21.04 ൽ നിന്നും 22.07 |

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരള പൊതു വിൽപ്പന നികുതി കൂടാതെ അടയ്ക്കേണ്ട നികുതിയ്ക്ക് മേൽ ഒരു ശതമാനം സെസ്സും ചുമത്തിയിട്ടുണ്ട്. ഇവയല്ലാതെ അധികനികുതി, സെസ്സ് എന്നിവയൊന്നും ടി ഉൽപ്പന്നങ്ങൾക്ക് ചുമത്തിയിട്ടില്ല.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് 4% മൂല്യ വർദ്ധിത നികുതിയും അല്ലാത്തവയ്ക്ക് 12.5 ശതമാനവും ആയിരുന്നു നികുതി നിരക്ക്. കേരള ധനകാര്യ നിയമം 2012 പ്രകാരം കേരള മൂല്യ വർദ്ധിത നികുതി

| | | | |
|---|---|---|---|
| | | | നിരക്ക്. കേരള ധനകാര്യ നിയമം 2012 പ്രകാരം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിലെ പൊതു നിരക്കുകൾ 4 ശതമാനത്തിൽ നിന്നും 5 ശതമാനമായും 12.5 ശതമാനത്തിൽ നിന്നും 13.5 ശതമാനമായും വർദ്ധിപ്പിച്ചപ്പോൾ ടി ഉൽപ്പന്നത്തിന്റെ നികുതി നിരക്കും യഥാക്രമം 5%, 13.5% ആയി വർദ്ധിക്കുകയുണ്ടായി. കേരളധനകാര്യ നിയമം 2013 പ്രകാരം 13.5 ശതമാനം എന്ന മൂല്യ വർദ്ധിത നികുതി നിരക്ക് 14.5 ശതമാനമായി ഉയർത്തിയപ്പോൾ ഗാർഹികേതര പാചക വാതകത്തിന്റെ നിരക്കും 14.5 ശതമാനമായി വർദ്ധിക്കുകയുണ്ടായി. പൊതുവിതരണ സമ്പ്രദായത്തിൽ കൂടി വിൽക്കപ്പെടുന്ന മണ്ണെണ്ണയ്ക്ക് 4 ശതമാനവും അല്ലാത്തവയ്ക്ക് 12.5 ശതമാനവും മൂല്യ വർദ്ധിത നികുതിയാണ് ബാധകമായിരുന്നത്. ഇത് 01.04.2012 മുതൽ മുൻ പറഞ്ഞ പ്രകാരം യഥാക്രമം 5%, 13.5 % ആയി വർദ്ധിക്കുകയുണ്ടായി. 01.04.2013 മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ കൂടി അല്ലാതെ വിൽക്കപ്പെടുന്ന മണ്ണെണ്ണയുടെ നികുതി 14.5 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.<br>മൂല്യവർദ്ധിത നികുതി നിയമ പ്രകാരം നികുതി ചുമത്തുന്ന പാചക വാതകം, മണ്ണെണ്ണ എന്നിവയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു ശതമാനം സോഷ്യൽ സെക്യൂരിറ്റി സെസ്സ് ചുമത്തിയിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ധനകാര്യ നിയമം 2012 പ്രകാരം 01.04.2012 മുതൽ മൂല്യ വർദ്ധിത നികുതിയ്ക്ക് മേൽ ചുമത്തിയിരുന്ന സെസ്സ് സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഇതിന് പുറമേ ഗാർഹിക ഉപയോഗത്തിനുള്ള എൽ.പി.ജി.യുടെ **Direct benefit scheme** പ്രകാരം ബാങ്കിൽ നിക്ഷേപിക്കുന്ന സബ്സിഡി തുകയ്ക്ക് മേലുള്ള വാറ്റു നികുതിയും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ചുമതല ഏറ്റതിനു ശേഷം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനെത്തുടർന്ന് എത്ര തവണയാണ് നികുതി ഇളവുകൾ വരുത്തിയെന്നും, പ്രഖ്യാപിച്ച നികുതി ഇളവുകൾ എപ്പോഴാണ് പുനസ്ഥാപിച്ചതെന്നും വെളിപ്പെടുത്തുമോ | (ബി) | ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 18 തവണ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ വർദ്ധനവ് ഉണ്ടായതിൽ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്കിൽ വരുത്തുന്ന |

| | | | |
|---|---|---|---|
| | | | പുനഃക്രമീകരണമല്ലാതെ നികുതിയിളവുകൾ ഒന്നും ഈ മേഖലയിൽ നൽകിയിട്ടില്ല.<br>മണ്ണെണ്ണ, പാചക വാതകം എന്നിവയ്ക്ക് നികുതിയിളവുകളൊന്നും നൽകിയിട്ടില്ല. |
| (സി) | ഇപ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ യഥാർത്ഥവിലയും അതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന നികുതിയും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ റീട്ടെയിൽ വില ടാക്സബിൾ വാല്യുവിന്മേലുള്ള വിൽപ്പന നികുതി, സെസ്സ്, കമ്മീഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. ഇതിൽ ടാക്സബിൾ വാല്യു എന്നത് ഇന്ധനത്തിന്റെ അടിസ്ഥാന വില, എക്സൈസ് ഡ്യൂട്ടി, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ ഉൾപ്പെട്ടതാണ്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ യഥാർത്ഥവിലയും അതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന നികുതിയും ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ